LIBRARY ARCHIVES Kerala Legislative Assembly

ഭൂരേഖയുടെ കമ്പ്യൂട്ടർവൽക്കരണം

2 [616] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരേഖ സംബന്ധിച്ച കമ്പ്യൂട്ടർവൽക്കരണ പരിപാടിയുടെ പുരോഗതി വെളിപ്പെടുത്തുമോ;

(ബി) എത്ര വില്ലേജുകളിൽ ഈ പരിപാടി ഫലപ്രദമായി നടപ്പിലാക്കുവാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ;

(സി) നിലവിലുള്ള ഭൂരേഖകളിൽ എത്ര ശതമാനം ഇതിനകം കമ്പ്യൂട്ടറിലേക്ക് കൊണ്ടുവരാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ;

(ഡി) കമ്പ്യൂട്ടറിലേക്ക് കൊണ്ടുവരാൻ കഴിയാത്ത ഭൂരേഖകളുടെ ഉടമകൾക്ക് വീണ്ടും സമയം അനുവദിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ —— ഇ) വിവരം ശേഖരിച്ചുവരുന്നു.

താലൂക്കുകളുടെ പുനഃസംഘടന

3 [617] ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ താലൂക്കുകൾ പുനഃസംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) താലൂക്കുകളുടെ പുനഃസംഘടന സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ റവന്യൂ സെക്രട്ടറിയെ ചുമതലപ്പെടുത്തിയതനുസരിച്ച് റിപ്പോർട്ട് ലഭിച്ചുവോ;

(സി) എങ്കിൽ റിപ്പോർട്ടിലെ ശുപാർശകളുടെ വിശദാംശം വ്യക്തമാക്കാമോ;

(ഡി) പട്ടാമ്പി ആസ്ഥാനമായി പുതിയ താലൂക്ക് രൂപവൽക്കരിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ ചോദ്യം ബാധകമല്ല.

(ഡി) കമ്മീഷന്റെ നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറക്ക് ഇക്കാര്യം പരിശോധിച്ച് അനുയോജ്യമായ തീരുമാനം കൈക്കൊള്ളുന്നതാണ്.